LIBRARY ARCHIVES Kerala Legislative Assembly

കായംകുളം ഡി. വൈ. എസ്. പി./സി. ഐ. എന്നിവർക്കായി നിർമ്മിച്ചിട്ടുള്ള ക്വാർട്ടേഴ്സുകൾ

93 [819] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഡി. വൈ. എസ്. പി., സി. ഐ. എന്നിവർക്കായി കെ. പി. എച്ച്. സി. സി. നിർമ്മിച്ചിട്ടുള്ള ക്വാർട്ടേഴ്സുകൾക്ക് ചുറ്റുമതിൽ ഉണ്ടായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ചുറ്റുമതിൽ നിർമ്മിക്കാത്തതിനാൽ ഇവ ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അടിയന്തിരമായി ചുറ്റുമതിൽ നിർമ്മിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കായംകുളം ഡി. വൈ. എസ്. പി., സി. ഐ. എന്നിവർക്കായി നിർമ്മിച്ചിട്ടുള്ള ക്വാർട്ടേഴ്സുകൾ പോലീസ് സേനയുടെ നവീകരണ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതിയിൽ ചുറ്റുമതിൽ കെട്ടുന്നതിന് തുക അനുവദിച്ചിരുന്നില്ല.

(സി) ഉണ്ട്. പ്രസ്തുത ക്വാർട്ടേഴ്സുകൾ പണി പൂർത്തിയാക്കി ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടില്ല.

(ഡി) ഇക്കാര്യം പരിഗണനയിലാണ്.

തലസ്ഥാനത്ത് കുറ്റാന്വേഷണവും നിയമപാലനവും മെച്ചപ്പെടുത്താൻ നടപടി

94 [821] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന മേഖലയിലെ നിയമപാലനം, കുറ്റാന്വേഷണം, ഗതാഗത നിയന്ത്രണം, നീതിനിർവ്വഹണം എന്നിവ ആധുനികമാക്കാനും അഭിവൃദ്ധിപ്പെടുത്താനും 2001 മേയ് മാസത്തിനുശേഷം ഗവൺമെന്റും പോലീസ് സംവിധാനവും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ;

(ബി) തലസ്ഥാന നഗരത്തിലെ കുറ്റാന്വേഷണവും നിയമപാലനവും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വടക്കൻ മേഖലയ്ക്ക് പുതിയ അസി. കമ്മിഷണർ ഓഫീസ് അനുവദിക്കണമെന്ന നിവേദനത്തിൻമേൽ അനുകൂല നടപടികൾ സ്വീകരിക്കുമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?